LIBRARY ARCHIVES Kerala Legislative Assembly

തിരൂർ മണ്ഡലത്തിലെ പുതിയ കുടിവെള്ള പദ്ധതി

126 (2335) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂർ മണ്ഡലത്തിലെ തിരൂർ, കാവശ്ശേരി, പുതുക്കോട് പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള പുതിയ കുടിവെള്ള പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പദ്ധതി അംഗീകാരത്തിനായി എസ്.എൽ.എസ്.എസ്.സി മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ ; പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; എത്ര രൂപയുടേതാണ് പദ്ധതി രൂപരേഖ ;

(സി) പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ ; ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) തിരൂർ മണ്ഡലത്തിലെ തിരൂർ, കാവശ്ശേരി, പുതുക്കോട് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിക്ക് 2970 ലക്ഷം രൂപയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. ഈ റിപ്പോർട്ട് സി.പി.ഡബ്ല്യു. ഡി. നിരക്ക് അനുസരിച്ച് പുതുക്കി തയ്യാറാക്കിവരുന്നു. പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രകാരമുള്ള ഘടകങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പദ്ധതി എസ്.എൽ.എസ്.എസ്.സി. മുമ്പാകെ സമർപ്പിച്ചിട്ടില്ല. 2970 ലക്ഷം രൂപയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. സി.പി.ഡബ്ല്യു.ഡി. നിരക്ക് അനുസരിച്ച ഇകയ്യ് മാറ്റം വരുന്നതാണ്.

(സി) പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്ന മുറയ്ക്ക് എസ്. എൽ. എസ്. എസ്. സി. യിൽ വയ്ക്കുന്നതാണ്.

സുനാമി ദുരന്തമേഖലയിലെ പുലിമുട്ട് നിർമ്മാണം

127 (T2336) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(എ) സുനാമി ദുരന്തമേഖലയായ ആലപ്പാട്ടെ ശ്രായിക്കാട്ടും ആലപ്പാട് സെന്ററിലും പുലിമുട്ട് നിർമ്മാണം ഏത് ഘട്ടത്തിലാണ് ; എന്ന് പൂർത്തീകരിക്കാൻ കഴിയും ; വിശദാംശം അറിയിക്കാമോ ?

ഉത്തരം

സുനാമി ബാധിത പ്രദേശങ്ങളായ ആലപ്പാട്ടെ ശ്രായിക്കാട്ട് പുലിമുട്ട് നിർമ്മിക്കുന്നതിലേയ്ക്ക് 535 ലക്ഷം രൂപയുടെ പ്രൊപ്പോസൽ "കരുതൽ ആലപ്പാട് 2015" എന്ന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതിക്കായി തയ്യാറാക്കിയിട്ടുണ്ട്.

ആലപ്പാട്ട് സെന്ററിൽ പുലിമുട്ട് നിർമ്മിക്കുന്നതിലേയ്ക്ക് 415 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി എഗ്രിമെന്റ് വച്ച് സൈറ്റ് കോൺട്രാക്ടർക്ക് കൈമാറിയിട്ടുണ്ട്. 3 മാസത്തിനകം മേല്പടി പ്രവൃത്തി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മാടായി, മാട്ടൂൽ എന്നിവിടങ്ങളിലെ കടൽഭിത്തി നിർമ്മാണം

128 (2337) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശേരി മണ്ഡലത്തിൽ, കടലാക്രമണം രൂക്ഷമായ മാടായി, മാട്ടൂൽ ഗ്രാമ പഞ്ചായത്തുകളിൽ കടലാക്രമണത്തിൽ തകർന്ന കടൽഭിത്തി പുനഃനിർമ്മിക്കുന്നതിനും പുതുതായി കടൽ ഭിത്തി നിർമ്മിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി) ഇതിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണ് ; ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി തുടങ്ങാൻ ബാക്കിയുള്ളത് ഏതെല്ലാമാണ് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന ഏട്ടിക്കുളം മുതൽ പയ്യാമ്പലം വരെയുള്ള സ്ഥലങ്ങളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനും കല്ല്യാശ്ശേരി മണ്ഡലത്തിലെ മാട്ടൂൽ, മാടായി ഗ്രാമപഞ്ചായത്തിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനുമുള്ള എസ്റ്റിമേറ്റ് നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. മാടായി ഗ്രാമപഞ്ചായത്തിലെ നീരൊഴുക്ക്

LIBRARY ARCHIVES Kerala Legislative Assembly